# ഗവഃഎൽ പി സ്കൂൾ കുരാറ

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

# ലക്ഷ്യം

2025-26 -അധ്യയനവർഷം കൂരാറ ഗവഃഎൽ പി സ്കൂളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളും അതത് ക്ലാസ് നിലവാരത്തിനനുസരിച്ചുള്ള ശേഷികൾ നേടി എന്നുറപ്പുവരുത്താൻ ആവശ്യമായ പ്രവർത്തനപദ്ധതികൾ ഉൾപ്പെടുന്ന സ്കൂൾതല മാസ്റ്റർ പ്ലാൻ തയാറാക്കി , മികച്ച ഒരു വിദ്യാലയ വർഷം സൃഷ്ടിക്കുകയാണ് ഞങ്ങൾ ലക്ഷ്യം വെക്കുന്നത്.അതോടൊപ്പം കലാകായികശേഷികളും വളർത്തിയെടുക്കാനാവശ്യമായ ബോധപൂർവ്വമായ ഇടപെടലുകളും നടത്തേണ്ടതുണ്ട്.

**പ്രധാനലക്ഷ്യങ്ങൾ**

- ഭാഷാശേഷികൾ,വായനാശീലം എന്നിവ പരിപോഷിപ്പിക്കുക
- ഗണിതത്തിൽ താത്പര്യം വളർത്തി ആഴത്തിലുള്ള പഠനം പ്രോത്സാഹിപ്പിക്കുക
- പൊതുവിജ്ഞാനം വർധിപ്പിക്കുക
- ഇംഗ്ലീഷ് ഭാഷയിൽ ലേഖനവും വായനയും സംസാരശേഷിയും വളർത്തിയെടുക്കുക.
- മികച്ച പരിശീലനം നൽകി LSS വിജയികളെ സൃഷ്ടിക്കുക
- രക്ഷിതാക്കൾക്ക് വിവിധ വിഷയങ്ങളിൽ ബോധവത്ക്കരണം നൽകുക.
- പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം നൽകി മുഖ്യധാരയിൽ എത്തിക്കുക.
- എല്ലാകുട്ടികൾക്കും ICT പരിശീലനം നൽകുക

## പ്രവർത്തന പദ്ധതികൾ

- വായനാമത്സരം
- ഗണിതകളികൾ
- സ്കൂൾ അസംബ്ലി
- സിപിടിഎ യോഗങ്ങൾ
- കലാപരിശീലനം
- യൂണിറ്റ് ടെസ്റ്റ് നടത്തി പരിഹാരബോധനം നൽകൽ
- അക്ഷരവും ചിഹ്നവും ഉറപ്പിക്കാൻ മലയാളത്തിളക്കം പദ്ധതി
- വർക്ക് ഷീറ്റുകൾ തയാറാക്കി നൽകൽ.
- പൊതുവിജ്ഞാനക്വിസിൽ പങ്കെടുക്കാൻ അവസരമൊരുക്കൽ
- കൈയെഴുത്ത് മത്സരം
- മാതൃകാപരീക്ഷകൾ
- ഇംഗ്ലീഷ് ഭാഷയ്ക്ക് കൂടുതൽ ഊന്നൽ നൽകൽ
- ശാസ്ത്രബോധം വളർത്തൽ
- കായികപരിശീലനം

| മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം | വായനാമത്സരം<br>കൈയ്യെഴുത്ത് മത്സരം<br>മലയാളത്തിളക്കം<br>വർക്ക് ഷീറ്റുകൾ | ജൂണ് മുതൽ ഡിസംബർ | ക്ലാസ് അധ്യാപകർ | 500 (SRG) |
| ഇംഗ്ലീഷ് | ഇംഗ്ലീഷ് അസംബ്ലി, വായനാകാർഡ് , | ജൂണ് മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | 500(SRG) |

| | | | | |
|---|---|---|---|---|
| | ക്ലാസ് ചുമരിൽ ചിത്രങ്ങളും കാർഡുകളും കൊണ്ട് അലങ്കരിക്കൽ | | | |
| ശാസ്ത്ര ബോധം | ലഘുപരീക്ഷണങ്ങൾ, ഫീൽഡുട്രിപ്പുകൾ, ചിത്രപ്രദർശനം, ഡോക്യുമെന്ററി | ജൂൺ മുതൽ ജനുവരി | ക്ലാസ് അധ്യാപകർ | 750(STAFF) |
| ഗണിതം | പഠനോപകരണ നിർമാണ ശില്പശാല ഗണിതക്കിറ്റ് ഒരുക്കൽ വർക്കുഷീറ്റുകൾ ക്ലാസിലൊരു ഗണിത ചുമർ | ജൂലൈ മുതൽ ഡിസംബർ | ക്ലാസ് അധ്യാപകർ സിപിടി എ | 1000(SRG) |
| ICT പരിശീലനം | കളിപ്പെട്ടി പുസ്തകത്തിലെ പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് | ക്ലാസ് അധ്യാപകർ | |
| ബോധവത്ക്കരണ ക്ലാസ് | കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്തൽ, | ജൂൺ മുതൽ സെപ്തംബർ | പ്രധാനാധ്യാപിക | |

| | | | | |
|---|---|---|---|---|
| | ഭക്ഷണശീലം, ശുചിത്വബോധം തുടങ്ങിയ വിഷയങ്ങളിൽ | | | |
| കലാപരിശീലനം | കഥ,പാട്ട് , പ്രസംഗം ചിത്രരചന | ജൂലൈ മുതൽ ഒക്ടോബർ | അധ്യാപകർ, മികച്ച പരിശീലകരുടെ സേവനം | 7000(PTA) |
| അറബിക് | സ്കിറ്റ് വർക്ക് ഷീറ്റുകൾ വായനാമത്സരം വായനാകാർഡ് | ജൂലൈ മുതൽ ജനുവരി | അറബിക് അധ്യാപകൻ | 500(STAFF) |
| കായികപരിശീലനം | കുട്ടികൾക്ക് പരിശീലനം ഒരുക്കൽ സ്കൂൾതല സ്പോർട്സ്, സബ് ജില്ലാമേള | ഒക്ടോബർ നവംബർ | ഫിസിക്കൽ ഫിറ്റ്നസ്- അധ്യാപകൻ | 1000(SRG) |
| LSS പരിശീലനം | മാതൃകാചോദ്യങ്ങൾ തയാറാക്കൽ, പരീക്ഷകൾ നടത്തൽ, മികച്ച പരിശീലനം വർക്ക് ഷീറ്റുകൾ | സെപ്തംബർ മുതൽ ഫെബ്രുവരി | ക്ലാസ് അധ്യാപിക, SRG HM | 1000(PTA, SRG) |

# ഉപസംഹാരം

ഓരോ കുട്ടിയിലും അന്തർലീനമായി കിടക്കുന്ന കഴിവുകളുടെ പരിപോഷിപ്പിക്കലാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം.ഞങ്ങളുടെ വിദ്യാലയം മുന്നോട്ടുവെക്കുന്ന ലക്ഷ്യം പൂർണ്ണമാകണമെങ്കിൽ കൃത്യമായ ആസൂത്രണവും തയാറെടുപ്പുകളും സാമ്പത്തികവും ആവശ്യമാണ്.മതിയായ ലാപ് ടോപ്പുകളുടെ അഭാവവും സ്ഥലപരിമിതിയും ക്ലാസ് മുറികളുടെ സൗകര്യക്കുറവും കളിസ്ഥലമില്ലാത്തതും പ്രയാസങ്ങൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.പരിമിതികൾക്കിടയിലും അക്കാദമിക മാസ്റ്റർ പ്ലാനിലെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിലൂടെഎല്ലാകുട്ടികളിലും മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നത് തീർച്ചയാണ്. കുരാറ ഗവഃഎൽ പി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കിമാറ്റാൻ ഈ പ്രവർത്തനങ്ങൾ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.